## പതിമൂന്നാം കേരളനിയമസഭ
### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1326

13 /12/2012 ൽ മറുപടിക്ക്

### വിലക്കയറ്റം സൃഷ്ടിക്കുന്നവർക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എസ്.സുനിൽ കുമാർ<br>ശ്രീ. വി.ശശി<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. ചിറ്റയം ഗോപകുമാർ | **ശ്രീ. അനൂപ് ജേക്കബ്.**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് ഈ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. അവശ്യസാധനങ്ങളുടെ സ്റ്റോറേജ് വിപണനം എന്നിവയ്ക്ക് ലൈസൻസിംങ് സംവിധാനം ഏർപ്പെടുത്തുകയും സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കി വരികയും ചെയ്യുന്നു. കരിഞ്ചന്തയും പൂഴ്ത്തി വയ്പും നടത്തുന്നവർക്കെതിരെ പരിശോധനകൾ നടത്തി കുറ്റം കണ്ടെത്തുന്ന പക്ഷം നിയമാനുസൃതം നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് സി.എം.ആർ അരി കടത്തിക്കൊണ്ട് പോകുന്നത് തടയുന്നതിനായി പത്ത് ഇൻസ്പെക്ഷൻ ടീമുകൾ രൂപീകരിച്ചിട്ടുമുണ്ട്. |
| ബി) നിത്യോപയോഗ സാധനങ്ങൾക്ക് കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്നവർക്കെതിരെ നടപടി എടുക്കാറുണ്ടോ; എങ്കിൽ എത്ര പേർക്കെതിരെ നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) ഉണ്ട്. 2011 ജൂൺ മാസം മുതൽ 2012 മാർച്ച് മാസം വരെ 17836 റെയിഡുകൾ സംഘടിപ്പിക്കുകയും കുറ്റക്കാരനായി കണ്ടെത്തിയ ഒരാൾക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്; |
| സി) സംസ്ഥാനത്ത് മാവേലി സ്റ്റോറുകളുടെ പ്രവർത്തനം പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മാവേലി സ്റ്റോറുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) ഇല്ല. സംസ്ഥാനത്ത് 1289 മാവേലി/സൂപ്പർ മാർക്കറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. അരിയും മറ്റു പതിമൂന്ന് ഇനം നിത്യോപയോഗ സാധനങ്ങളും വിപണി വിലയെക്കാൾ 50% വിലക്കുറച്ച് വിൽക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ